# യു.എ.ഇ സർക്കാർ മരുന്നുകൾ വിദേശത്തേക്ക് കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് അറിയിച്ച നിർദ്ദേശങ്ങൾ

യു.എ.ഇ ഗവൺമെന്റ് ചില കെമിക്കലുകളും മരുന്നുകളും അവിടെ നിരോധിച്ചിട്ടുണ്ട്, ആയതിനാൽ പ്രസ്തുത മരുന്നുകൾ യു.എ.ഇ യിലേക്ക് പോകുന്ന യാത്രക്കാർ കൈയ്യിൽ കരുതുന്നത് കർശനമായി നിരോധിച്ചു കൊണ്ട് യു.എ.ഇ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത മരുന്നുകളുടെ വിവരങ്ങൾ www.uaeinteract.com/travel/drug.asp , www.dubai.ae എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

അടിയന്തിര/അത്യാവശ്യ ഘട്ടങ്ങളിൽ മരുന്നുകൾ കൈയ്യിൽ കരുതേണ്ടി വരുന്നവർ താഴെപ്പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

1. യു.എ.ഇ യിലെ അംഗീകൃത ലൈസൻസുള്ള ഡോക്ടറുടെ കുറിപ്പടി കൈയ്യിൽ കരുതേണ്ടതാണ്.
2. യു.എ.ഇ യ്ക്ക് പുറത്തുള്ള രാജ്യങ്ങളിലെ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമാണ് മരുന്നുകൾ കൈയ്യിൽ കരുതുന്നതെങ്കിൽ ഡോക്ടറുടെ കുറിപ്പടി/മെഡിക്കൽ റിപ്പോർട്ട് എന്നിവ യു.എ.ഇ എംബസ്സി സാക്ഷ്യപ്പെടുത്തി കൈയ്യിൽ കരുതേണ്ടതാണ്.
3. റസിഡന്റ്/നോൺ റസിഡന്റ് രോഗികൾ പരമാവധി 3 മാസത്തെ ആവശ്യത്തിനുള്ള മരുന്നുകൾ മാത്രമെ യു.എ.ഇ യിലേക്ക് കൊണ്ടു വരുവാൻ പാടുള്ളു.
4. പ്രവാസികളായ രോഗികൾ പരമാവധി 3 മാസത്തെ ഉപഭോഗത്തിനുള്ള സൈക്കോത്ത്റോപ്പിക്ക് മരുന്നുകൾ മാത്രമെ കൈയ്യിൽ കരുതാവൂ.
5. യു.എ.ഇ യിൽ ലഭ്യമല്ലാത്ത സൈക്കോത്ത്റോപ്പിക്ക് മരുന്നുകൾ മൂന്നു മാസത്തേയ്ക്ക് കൈയ്യിൽ കരുതുന്നതിലേയ്ക്കായി യു.എ.ഇ ഡ്രഗ് കൺട്രോൾ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
6. യു.എ.ഇ ആരോഗ്യമന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയില്ലാതെ നാർക്കോട്ടിക്ക് മരുന്നുകൾ കൈയ്യിൽ വയ്ക്കുന്നത് ശിക്ഷാർഹമാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്ത മരുന്നുകൾ ഉൾക്കൊള്ളുന്ന പാർസ്സലുകൾ ഉപഭോക്താക്കൾക്ക് റിലീസ് ചെയ്യുന്നതല്ല.